VOL 2 ISSUE 4 | FEBRUARY 2019 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE

FREE
Circulation strictly for Christian Churches only

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION

# അപ്കോൺ കൺവൻഷന് അനുഗ്രഹീത സമാപ്തി

**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (അപ്കോൺ) നേതൃത്വത്തിൽ നടന്ന കൺവൻഷൻ സമാപിച്ചു. 2019 ജനുവരി 29,30 ദിവസങ്ങളിൽ അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന മീറ്റിംഗിൽ പ്രസിദ്ധ സുവിശേഷ പ്രസംഗകൻ പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ) റോമർ 8:28 ആസ്പദമാക്കി ദൈവവചനത്തിൽ നിന്നും സംസാരിച്ചു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോൺ കൺവൻഷൻ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഗിവിൻ തോമസ്, പാസ്റ്റർ ജേക്കബ് ജോർജ് തുടങ്ങിയവർ അദ്ധ്യക്ഷരായിരുന്നു. അപ്കോൺ അംഗത്വസഭകളിലെ കർത്തൃ



ദാസന്മാരും ദൈവമക്കളും കൂടാതെ അബുദാബിയിലും പരിസരപ്രദേശങ്ങളിലുമുള്ള ദൈവദാസന്മാരും വിശ്വാസികളും സംബന്ധിച്ചു. അപ്കോൺ സെക്രട്ടറി ബ്രദ. സാം സക്കറിയ ഈപ്പൻ നന്ദി രേഖപ്പെടുത്തി. അപ്കോൺ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. അപ്കോൺ എക്സിക്യൂട്ടീവ്സ് കൺവൻഷന് നേതൃത്വം നൽകി.

**058- 9239629**
**APCCON WHATSAPP NO.**

**MAIL US:**
**apcconvoice@gmail.com**

- **അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.**
- **നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.**

## മ്യൂസിക്കൽ നൈറ്റും സമ്മാനവിതരണവും

**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23 ശനിയാഴ്ച വൈകിട്ട് 7:30 മുതൽ 10:00 വരെ മുസ്സഫ ബ്രദറൻ ചർച്ച് സെന്ററിൽ വച്ച് മ്യൂസിക്കൽ നൈറ്റും അപ്കോൺ ടാലെന്റ് ടെസ്റ്റ് വിജയികൾക്കുള്ള സമ്മാനദാന വിതരണവും നടക്കും. അപ്കോൺ ക്വയറിന്റെ നേതൃത്വത്തിൽ നടക്കുന്ന മ്യൂസിക് നൈറ്റിൽ അപ്കോൺ അംഗത്വസഭകളിലെ ഗായകർ ഗാനങ്ങളാലപിക്കും.

## എം.സി.സി സണ്ടേസ്കൂളിന് പുതിയ നേതൃത്വം



പാ.ബെന്നി പി.ജോൺ



ബ്രദ.ഡെന്നി പൂന്നൂസ്



സിസ്റ്റ. സോളി ജോൺ

**അബുദാബി** • അബുദാബിയിലെ ഏറ്റവും വലിയ സണ്ടേസ്കൂളായ എം.സി.സി സണ്ടേസ്കൂളിന് പുതിയ നേതൃത്വം. ഫെബ്രുവരി 8 വെള്ളിയാഴ്ച സെൻറ് ആൻഡ്രൂസ് കമ്യൂണിറ്റി ഹാളിൽ നടന്ന ടീച്ചേഴ്സ് മീറ്റിംഗിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. സണ്ടേസ്കൂൾ ഡയറക്ടറായി പാസ്റ്റർ ബെന്നി പി. ജോൺ, പ്രിൻസിപ്പലായി ബ്രദർ ഡെന്നി പുന്നൂസ്, രജിസ്ട്രാറായി സിസ്റ്റർ സോളി ജോൺ, ബോർഡ് മെമ്പേഴ്സായി ഒ.ടി. മാത്യുക്കുട്ടി, തോമസ് ഏബ്രഹാം, സന്തോഷ് സാമുവേൽ, ജോജി തോമസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

## പിവൈപിഎ– യുഎഇ റീജിയൻ കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**ഷാർജ** • പിവൈപിഎ - യുഎഇ റീജിയൻ കൺവൻഷൻ മാർച്ച് 12, 13 തീയതികളിൽ വൈകിട്ട് 8 മണി മുതൽ ഷാർജ വർഷിപ്പ് സെന്ററിൽ (മെയിൻ ഹാൾ) നടക്കും. പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ) മുഖ്യ സന്ദേശം നൽകും. പിവൈപിഎ- യുഎഇ റീജിയൻ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും.

## പി.സി.എൻ.എ.കെ പ്രൊമോഷണൽ മീറ്റിംഗ്



**അബുദാബി** • 2019 ജൂലൈയിൽ മയാമിയിൽ നടക്കുന്ന പി.സി.എൻ.എ.കെ കോൺഫറൻസിന്റെ മിഡിൽ ഈസ്റ്റ് പ്രൊമോഷണൽ മീറ്റിംഗ് ദുബായ്, ഷാർജ, അബുദാബി എന്നിവിടങ്ങളിൽ നടന്നു. അപ്കോണിന്റെ നേതൃത്വത്തിൽ ജനുവരി 31 വ്യാഴാഴ്ച വൈകിട്ട് 5 മുതൽ 7 വരെ അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ (പ്രെയർ ഹാളിൽ) വച്ച് പി.സി.എൻ.എ.കെ പ്രൊമോഷണൽ മീറ്റിംഗ് നടന്നു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോൺ അധ്യക്ഷനായിരുന്ന മീറ്റിംഗിൽ അപ്കോൺ സെക്രട്ടറി സാം സക്കറിയ ഈപ്പൻ സ്വാഗതം നേർന്നു. തുടർന്ന് പി.സി.എൻ.എ.കെ. നാഷണൽ സെക്രട്ടറി വിജു തോമസ്, ലോക്കൽ ട്രഷറർ മനു ഫിലിപ്പ് തുടങ്ങിയവർ കോൺഫറൻസിനെക്കുറിച്ചു വിശദമായി സംസാരിച്ചു. ഓൺലൈൻ ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സജി മത്തായി കാതേട്ടും ഈ മീറ്റിംഗിൽ പങ്കെടുത്തു. ബ്രദർ ജോൺസി കടമ്മനിട്ട നന്ദി രേഖപ്പെടുത്തി.

''ദൈവത്തിന്റെ അത്യന്തശക്തി നമ്മുടെ മൺകൂടാരങ്ങളിൽ'' (2കൊരി 4:7) (The Excellence of God's Power in Us 2 Cor. 4:7) എന്നതാണ് കോൺഫ്രൻസ് ചിന്താവിഷയം.

കർമ്മേൽ ഐ.പി.സി അബുദാബിയിലും പ്രൊമോഷണൽ മീറ്റിംഗ് അന്നേ ദിവസം നടത്തപ്പെട്ടു.



For Private Circulation only - Not for sale

# APCCON VOICE


## EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators/ Reporters**
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod Editar
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin
Br. Ashish Philip
Br. Eldhose


## EDITORIAL

# ആകുലങ്ങൾ ദൈവസന്നിധിയിലർപ്പിക്കുക



**ജോൺസി കടമ്മനിട്ട**
**ചീഫ് എഡിറ്റർ**

അപ്കോൺ വോയ്സിന്റെ മാന്യവായനക്കാർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

നിനച്ചിരിക്കാത്ത നിമിഷത്തിൽ ഇന്ത്യാ മഹാരാജ്യത്തുണ്ടായ ഭീകരാക്രമണം നമ്മുടെ 40 സൈനികരുടെ വിലപ്പെട്ട ജീവനാണ് അപഹരിച്ചത്. ധീരരക്തസാക്ഷികളായി ജീവൻ കൊടുത്ത ജവാന്മാർക്ക് ബിഗ് സല്യൂട്ട്. അതോടൊപ്പം ദുഃഖത്തിലായ പ്രിയപ്പെട്ടവരെയും ഭവനാംഗങ്ങളെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജീവിതത്തിൽ ദുഃഖവും ഭാരവും ഇല്ലാത്ത മനുഷ്യരില്ല. ഒന്ന് കഴിയുമ്പോൾ അടുത്തത്. ഇങ്ങനെ ഒന്നിന് പുറകെ ഒന്നായി മനുഷ്യജീവിതത്തിൽ പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുകൊണ്ടേയിരിക്കും. എന്നാൽ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നാം എങ്ങനെ നേരിടുന്നു എന്നുള്ളതാണ് പ്രധാനം. ചിലർ വളരെ ശോകപൂർണരായി മാറുന്നു. മറ്റു ചിലർ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്നു. ചിലരാകട്ടെ നിസ്സാര കാര്യങ്ങൾക്കു വേണ്ടി ജീവിതംതന്നെ അവസാനിപ്പിക്കുന്നു. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന ഭക്തനാകട്ടെ എല്ലാം ദൈവസന്നിധിയിൽ അർപ്പിച്ചുകൊണ്ട് സന്തോഷത്തോടെ അതിനെ തരണംചെയ്യുന്നു.

ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇല്ലാഞ്ഞിട്ടല്ല അതിന്റെ മദ്ധ്യത്തിലും താണുപോകാതെ നടത്തുന്ന ഒരു കരം തനിക്കുണ്ടെന്നുള്ള വിശ്വാസമാണ് അവനെ മുമ്പോട്ടു നയിക്കുന്നത്. അവർ സ്വയത്തിൽ ആശ്രയിക്കില്ല പകരം ദൈവത്തെ ഏല്പിക്കും. അപ്പൊസ്തലനായ പത്രൊസ് പറയുന്നതിപ്രകാരമാണ്: "നിങ്ങളുടെ സകല ചിന്താകുലങ്ങളും അവന്റെ മേൽ (ദൈവത്തിന്റെ മേൽ) ഇട്ടുകൊൾവിൻ." എന്തിനാണ് നമ്മുടെ ചിന്താകുലങ്ങൾ അവന്റെ മേൽ ഇടാൻ പത്രോസ് പറയുന്നത്? കാരണം, തന്റെ ജീവിതത്തിൽ ദൈവം കരുതിയ വിധങ്ങൾ പത്രൊസിന് നന്നായറിയാം. മുക്കുവനായ പത്രൊസ്, ഗലീലക്കടലിന്റെയും ഗന്നസരെത്ത് തടാകത്തിന്റെയും ഒക്കെ ഓരോ സ്പന്ദനങ്ങളും നന്നായി അറിയാവുന്ന പത്രൊസ് ഒരു രാത്രി മുഴുവൻ കഷ്ടപ്പെട്ടു വല വീശിയിട്ടും മീനൊന്നും ലഭിക്കാതെ നിരാശനായി മാറി. ആ നിസ്സഹായ അവസ്ഥയിൽ ഇറങ്ങിവന്ന് തന്റെ അരുമനാഥൻ അരുൾചെയ്യുകയാണ് പടകിന്റെ വലതു വശത്തു വലവീശാൻ. അതനുസരിച്ച പത്രൊസിന് വല നിറച്ചു പെരുത്ത മീൻകൂട്ടം ലഭിച്ചു.

ദൈവത്തിന്റെ വാക്ക് അനുസരിക്കാൻ തയ്യാറായാൽ നമ്മെ സഹായിക്കുന്ന കരങ്ങളുമായി അവിടുന്ന് ചാരെയെത്തും. നമ്മുടെ ഭാരങ്ങളുടെ, വേദനകളുടെ അവസ്ഥയിൽ പതറാതെ ചിന്താകുലങ്ങളെ അവന്റെ കൈയിലേക്ക് ഏല്പിക്കാം. യേശു നമ്മെ കരുതുവാൻ, വഴിനടത്തുവാൻ ശക്തനത്രെ...

## ശാരോൺ ഫെല്ലോഷിപ്പ് യുഎഇ റീജിയണു പുതിയ നേതൃത്വം



**പാ.ജേക്കബ് ജോർജ്ജ്**
റീജിയൻ കോർഡിനേറ്റർ



**പാ.ജോൺസൺ ബേബി**
അസോ. കോർഡിനേറ്റർ



**പാ.കോശി ഉമ്മൻ**
റീജിയൻ സെക്രട്ടറി



**പാ. ഗിൽബർട്ട് ജോർജ്ജ്**
ഷാർജ – സെന്റർ മിനിസ്റ്റർ



**പാ.സന്തോഷ് സെബാസ്റ്റ്യൻ**
ഷാർജ – സെന്റർ സെക്രട്ടറി



**പാ. ഷിബു മാത്യു**
അബുദാബി – സെന്റർ സെക്രട്ടറി



**ബ്രദ.ബിജു തോമസ്**
മാനേ.കൗൺസിൽ പ്രതിനിധി



**ബ്രദ.ബാബു ചാക്കോ**
ഷാർജ സെന്റർ പ്രതിനിധി

**ഷാർജ** • ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ യുഎഇ-യിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സഭാ കൗൺസിൽ പുതിയ ഭാരവാഹികളെ നിയമിച്ചു. ഫെബ്രുവരി 2- നു ജെബൽ അലി ക്രൈസ്റ്റ് ചർച്ചിൽ കൂടിയ യോഗത്തിൽ ശാരോൻ സഭാ മാനേജിംങ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് നേതൃത്വം നൽകി. റീജിയൻ പാസ്റ്ററായി ജേക്കബ് ജോർജ് മുണ്ടയ്ക്കൽ, അസ്സോസിയേറ്റ് പാസ്റ്ററായി ജോൺസൻ ബേബി, സെക്രട്ടറിയായി പാസ്റ്റർ കോശി ഉമ്മൻ എന്നിവരെ നിയമിച്ചു.

പുതുതായി രൂപീകരിച്ച ഷാർജ സെന്ററിന്റെ ശുശ്രൂഷകനായി പാസ്റ്റർ ഗിൽബർട്ട് ജോർജ്ജിനെയും അബുദാബി സെന്റർ ശുശ്രൂഷകനായി പാസ്റ്റർ ജേക്കബ് ജോർജ്ജിനെയും നിയമിച്ചു. പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ, പാസ്റ്റർ ഷിബു മാത്യു എന്നിവരെ യഥാക്രമം ഷാർജ, അബുദാബി സെന്ററുകളുടെ സെക്രട്ടറിമാരായും തിരഞ്ഞെടുത്തു. ബിജു തോമസ് ശാരോൻ മാനേജിംങ് കൗൺസിൽ പ്രതിനിധിയായിരിക്കും. ബിജു തോമസ് അബുദാബി സെന്റർ പ്രതിനിധിയും ബാബു ചാക്കോ ഷാർജ സെന്റർ പ്രധിനിധിയുമായിരിക്കും.

## യു.പി.എഫിന് പുതിയ നേതൃത്വം



**പാസ്റ്റർ ദിലു ജോൺ**
പ്രസിഡന്റ്



**ബ്രദ. തോമസ് മാത്യു**
സെക്രട്ടറി



**ബ്രദ.കെ.ജോഷ്വ**
ട്രഷറാർ

**ഷാർജ** • യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് യു.എ.ഇ യുടെ വാർഷികയോഗം ഫെബ്രുവരി 2-ന് വൈകിട്ട് ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. യുഎഇ-യിൽ വന്നുപാർക്കുന്ന മലയാളി പെന്തെക്കോസ്തു വിശ്വാസികൾ ഉൾപ്പെട്ടു നിൽക്കുന്ന ഐക്യവേദിയാണ് യുപിഎഫ്. യു.എ.ഇ-യിൽ 1982-ൽ തുടങ്ങിയ യു.പി.എഫിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നേറുന്നു. യു.എ.ഇ-യുടെ 7 എമിറേറ്റ്സുകളിലുമുള്ള 57 സഭകൾ യുപിഎഫിനോടു ചേർന്ന് പ്രവർത്തിക്കുന്നു. 2019-2020 പ്രവർത്തന വർഷത്തെ പുതിയ ഭാരവാഹികൾ : പ്രസിഡന്റ് - പാസ്റ്റർ ദിലു ജോൺ, വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ മാത്യു, സെക്രട്ടറി ബ്രദർ തോമസ് മാത്യു, ജോയിന്റ് സെക്രട്ടറിമാർ ബ്രദർ ജിബു മാത്യു, ബ്രദർ കെ.പി. ബാബു, ട്രഷറർ ബ്രദർ കെ. ജോഷ്വ, ജോയിന്റ് ട്രഷറർ ബ്രദർ പ്രസാദ് എസ്. ബേബി, ഓഡിറ്റർമാർ ബ്രദർ വിനോദ് ഏബ്രഹാം, ബ്രദർ ജോസ് മാത്യു, ക്യാമ്പ് കോർഡിനേറ്റർമാർ പാസ്റ്റർ ബ്ലെസ്സൺ, പാസ്റ്റർ ഷിബു, പാസ്റ്റർ ബിനോയ്, വെബ്സൈറ്റ് കോർഡിനേറ്റർ പാസ്റ്റർ തോമസ് എബ്രഹാം.

## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

അപ്കോൺ വോയ്സിൽ ലേഖനങ്ങളും മറ്റിതര പംക്തികളും എഴുതുന്നവർ A4 പേപ്പറിൽ ഒന്നരപ്പേജിൽ കവിയാതെ എഴുതി അയച്ചുതരിക. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു മാത്രമായിരിക്കും. നിങ്ങളുടെ ലേഖനങ്ങൾ എല്ലാ മാസവും 30-നു മുമ്പായി അയച്ചുതരേണ്ടതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും പ്രാർത്ഥനാവിഷയങ്ങളും APCCON Whatsapp 058- 9239629- ലോ apcconvoice@gmail.com എന്ന mail Id യിലോ അയച്ചുതരാവുന്നതാണ്.

**എഡിറ്റോറിയൽ ബോർഡ് അപ്കോൺ വോയ്സ്**

ARTICLE

# Be Careful About Your Reaction



Duglas Joseph



Some people who cannot control the way they react to certain situations, eventually ruin their life. Instant responses without thinking the consequences may land you in big troubles. A recent incident in the South Indian state of Kerala is a classic example of such violent reaction and its tragic outcome. The gruesome murder of a youth by a police officer in a fit of rage and his subsequent suicide, point to the extent of damage which a moment of frenzy could produce.

A Kerala police officer, who was suspended and booked in a murder case, allegedly committed suicide by hanging himself at his residence

The Deputy Superintendent Police B. Harikumar was accused of pushing a 32-year-old youth named Sanal, in front of a moving vehicle following a minor dispute over parking. Sanal later died at the hospital. Reports said the police officer could see the vehicle approaching from the opposite side and had pushed Sanal with the intention of killing him.

A small dispute that can be amicably settled, enlarged into a murder and suicide due to sudden and violent reaction. A moment of explosive reaction paved the way for the tragic end of a police officer and an innocent youth. The values of patience, tolerance and forgiveness are rarely found in modern man who boasts about technological advancement and human progress.

The great Chinese philosopher Confucius said that 'When anger rises, think of the consequences' The words of Thucydides ''Wars spring from unseen and generally insignificant causes, the first outbreak being often but an explosion of anger" clearly show the result of our quick reaction stemmed out of anger.

Being calm, peaceful and balanced is really a blessed state of affair, whereas stressed, revengeful and violent approach can create havoc. I still remember, our teachers' advice on the ways to reduce anger and avoid violent reaction by counting one to hundred. The simple logic is that, we should not react immediately to an action by a person or a group. A hurting or humiliating word from others may trigger our anger and sudden reaction. Delay your response is the key to avoid tragic outcomes.

When we feel annoyed or disturbed by others words or action, try to approach it in a democratic manner instead of an autocratic way. A verse in the Bible is very relevant to this, 'Those who guard their mouths and their tongues keep themselves from calamity" (Proverbs 21:23) When we react gently to a situation, it makes the atmosphere calm whereas a violent reaction creates a war like situation. Proverbs 15:1-2 echoes similar idea, 'A gentle answer turns away wrath, but a harsh word stirs up anger'. In brief "It's not what happens that matters but how you react (to what happens) that matters". Sometimes the best response is no response. But if a response is necessary, sometimes it's good to wait and take a moment to review what happened and how you can gently respond.






# ബൈബിളിലെ സ്ത്രീത്വവീക്ഷണം



സാലി മോനായി

സ്ത്രീകൾക്ക് സമൂഹത്തിൽ നിലയും വിലയും ഉറപ്പാക്കുന്നതിനും പീഡനത്തിൽ നിന്നും ചൂഷണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനുമുള്ള ധാരാളം കാര്യങ്ങൾ ആധുനിക ഭാരതത്തിൽ നിലവിൽ വന്നിട്ടുണ്ട്. അടുത്തകാലത്ത് ഉണ്ടായ ഒരു കോടതിവിധി സ്ത്രീ പുരുഷസമത്വത്തിന് വഴിതെളിച്ചതിന്റെ ആഘോഷങ്ങളാണ് എവിടെയും. ഇത്തരുണത്തിൽ ശരിയായ ദിശാബോധം ലഭിക്കുവാൻ നമുക്ക് ആധാരം ദൈവവചനം തന്നെയാണ്. ഏതു മനുഷ്യനും ഏതുകാര്യത്തിലും വേണ്ടുന്ന മാർഗ്ഗനിർദേശം ലഭ്യമാക്കുന്ന ഏകഗ്രന്ഥവും ദൈവവചനമാകയാൽ ക്രിസ്തീയ വിശ്വാസികളല്ലാത്തവർക്കും സ്വീകാര്യമായ ഉൾക്കാഴ്ചകളാണ് ഇവിടെ ലഭ്യമാക്കുന്നത്.

ഇന്ത്യൻ ഭരണഘടനയിലെ 497 - ാം വകുപ്പ് റദ്ദാക്കിക്കൊണ്ട് വിവാഹേതരബന്ധം ക്രിമിനൽ കുറ്റമല്ല എന്ന സുപ്രീം കോടതി വിധിയാണ് ഇവിടെ പരാമർശ വിധേയം. സ്ത്രീയുടെ അധികാരി ഭർത്താവല്ലെന്നും ഇരുവർക്കും തുല്യ അധികാരമാണുള്ളതെന്നും വിധിന്യായത്തിൽ പറയുന്നു. ഇതോടെ സ്ത്രീകൾക്കും പുരുഷന്മാർക്കും യഥേഷ്ടം വിവാഹേതര ബന്ധം സ്ഥാപിക്കുവാനും പരസ്യമായി വഴിവിട്ട ജീവിതം നയിക്കുവാനുമുള്ള അനുവാദമാണ് ലഭ്യമാക്കിയിരിക്കുന്നത്. ആർഷഭാരതത്തിലെ പാതിവ്രത്യ ചിന്താഗതിക്കും, ബൈബിളിലെ ഭാര്യാഭർത്ത്യ വീക്ഷണത്തിനും ഒരുപോലെ ഭീഷണിയാണ് ഈ വിധിന്യായം. സുമംഗലിയായ സ്ത്രീ പതിവൃതയായിരിക്കണം(ഭർത്താവിനോടു മാത്രം ശാരീരികബന്ധം പുലർത്തുന്നവൾ) എന്നാണ് പുരാണത്തിലെ നിഷ്കർഷ. ക്രിസ്തുവിനെയും സഭയെയും പ്രതിനിധീകരിക്കുന്ന പവിത്രമായ ബന്ധമാണ് ബൈബിളിൽ ഭർത്താവും ഭാര്യയും തമ്മിലുള്ളത്. അത് ഒരു മർമ്മമായിട്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത് (എഫെ. 5:32). വിവാഹമോചനത്തിന് വിവാഹേതര ബന്ധത്തെ ഒരു കാരണമായി കാണിക്കാമെങ്കിലും ഈ പ്രവൃത്തിയെ ക്രിമിനൽ കുറ്റത്തിന്റെ ലിസ്റ്റിൽ നിന്നും എടുത്തുമാറ്റിയപ്പോൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 158 വർഷം പഴക്കമുള്ള ഒരു വകുപ്പാണ് ചരിത്രമായി മാറിയത്.

മോശെയുടെ ന്യായപ്രമാണത്തിൽ ഉപേക്ഷണപത്രം കൊടുത്ത് വിവാഹമോചനം നേടുവാൻ അനുവാദമുണ്ടായിരുന്നു. എന്നാൽ യേശു പറയുന്നത് ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നാണ്. എന്നാൽ പരസംഗം (വിവാഹേതര ബന്ധം) ചെയ്താൽ ഭാര്യയെ ഉപേക്ഷിക്കാം എന്നാണ് യേശുവും നിർദ്ദേശിക്കുന്നത് (മത്തായി 19:9). ഭർത്താവും ഭാര്യയും പരസ്പരം സ്നേഹിച്ചും മനസ്സിലാക്കിയും ഉൾക്കൊണ്ടും വിശ്വസ്തരായി ജീവിക്കുകയും, യാതൊരു സ്ത്രീയോടോ പുരുഷനോടോ അവിഹിത ബന്ധം സ്ഥാപിക്കുകയോ നിലനിർത്തുകയോ ചെയ്യരുതെന്നുമാണ് വേദപുസ്തക വ്യവസ്ഥ.

ദൈവം തന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി സൃഷ്ടിച്ച മനുഷ്യന് ആദ്യം ആരുടെമേലും മേല്ക്കോയ്മ ഉണ്ടായിരുന്നില്ല. അവർ തുല്യരായിരുന്നു (ഉല്പ.1:27). എന്നാൽ ഹവ്വ പാപം ചെയ്യുന്നതിനു മുൻകൈ എടുക്കുകയും തന്റെ ഭർത്താവിനെയും അതിനു പ്രേരിപ്പിക്കുകയും ചെയ്ത് ദൈവതേജസ് നഷ്ടമാക്കിയപ്പോൾ ഭർത്താവിന് ഭാര്യയെ ഭരിക്കുവാനുള്ള അവകാശം ദൈവം നൽകി (ഉല്പ.3:16). അന്നു മുതൽ ഭാര്യ ഭർത്താവിനു കീഴടങ്ങി അനുസരിച്ചു ജീവിക്കണം എന്നതാണ് ദൈവവ്യവസ്ഥ. എന്നാൽ ഭാര്യയെ കീഴടക്കുവാനോ അനുസരിപ്പിക്കുവാനോ ഭർത്താവിനെ അനുവദിച്ചിട്ടുമില്ല.

പഴയനിയമത്തിൽ ന്യായാധിപസ്ഥാനത്ത് ആദ്യമായി അവരോധിക്കപ്പെട്ട സ്ത്രീയാണ് ദെബോരാ. (ന്യായാധിപന്മാർ 4,5 അദ്ധ്യായങ്ങൾ) ദെബോരയ്ക്ക് ദൈവം നൽകിയ ദർശനപ്രകാരം ശത്രുവിനോടു യുദ്ധം ചെയ്യുവാൻ മുൻനിരയിൽ നിൽക്കുവാൻ ഒരു പുരുഷൻ ആവശ്യമായിരുന്നു. പഴയനിയമത്തിലുടനീളം ഈ പുരുഷ മേല്ക്കോയ്മ ദർശിക്കാനാവുമെങ്കിലും രൂത്ത്, എസ്ഥേർ എന്നിങ്ങനെ രണ്ട് ഗ്രന്ഥങ്ങൾ തന്നെ സ്ത്രീകളുടെ പേരിലുണ്ട്. പ്രബുദ്ധ

ശേഷം പേജ് 7-ൽ

BETHEL CHURCH OF GOD

അബുദാബിയിലും മുസഫായിലും
നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു...

അബുദാബിയിൽ:

എല്ലാ വെള്ളിയാഴ്ചകളിലും
രാവിലെ 7.30 മുതൽ 10.00 വരെ
Mar Thoma Church Lower Chapel

എല്ലാ ശനിയാഴ്ചകളിലും
രാത്രി 8.00 മുതൽ 10.00 വരെ
St. Andrews Church Chapel

എല്ലാ ചൊവ്വാഴ്ചകളിലും
രാത്രി 8.00 മുതൽ 10.00 വരെ
St. Andrews Church Hall # 101

Bethel Youth Movement (BYM)
യൂത്ത് മീറ്റിംഗ്
3-ാം വെള്ളിയാഴ്ചകളിൽ
രാവിലെ 7.30 മുതൽ 9.00 വരെ

മുസഫായിൽ:

എല്ലാ വെള്ളിയാഴ്ചകളിലും
വൈകിട്ട് 5.30 മുതൽ 7.30 വരെ
Brethren Church Hall # G4

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Pr. Benny P. John - 050 7900633
Pr. George Rajan - 050 5467364
Pr. Aju T. Thomas - 055 2002551
Email: bethelabudhabi@gmail.com

അബുദാബിയിൽ നിന്നും
മുസഫായിൽ നിന്നും
വാഹന സൗകര്യം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.



For Private Circulation only - Not for sale

ARTICLE

# ക്രിസ്തുവിലുള്ളവർ മിഷനറിമാർ




ഷിബു മുള്ളംകാട്ടിൽ

ഉത്തരഭാരതത്തിലേക്കുള്ള മിഷൻ യാത്രയിലാണ് പ്രഭാകർ ചാച്ചയെപ്പറ്റി കേൾക്കുന്നത്. ബാംഗ്ലൂരിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന ഫീബാ റേഡിയോയിൽ കൂടിയാണ് ബീഹാർ സ്വദേശിയായ പ്രഭാകർ യേശുക്രിസ്തുവിനെക്കുറിച്ച് ആദ്യമായി അറിഞ്ഞത്. തുടർച്ചയായി റേഡിയോ പ്രക്ഷേപണം ശ്രവിച്ച പ്രഭാകർ ഒടുവിൽ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. തന്റെ ജീവിതത്തിലെ വലിയ സന്തോഷം പങ്കിടുവാൻ ഒരു ക്രിസ്താനുയായിയെ അന്വേഷിച്ചെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞില്ല. തന്റെ ഗ്രാമത്തിൽ മിഷനറിമാർ എന്നല്ല ഒരു ക്രിസ്ത്യാനി പോലും ഉണ്ടായിരുന്നില്ല. ആവേശഭരിതനായ പ്രഭാകർ ഗംഗാനദിയിൽ പോയി സ്വയം സ്നാനമേറ്റു!! നീണ്ട 30 വർഷത്തിനു ശേഷം ഒരു മലയാളി മിഷനറി അവിടെയെത്തി. അദ്ദേഹത്തിന്റെ കൈക്കീഴിൽ ഗംഗാനദിയിൽ തന്നെ പ്രഭാകർ പിന്നീട് സ്നാനമേറ്റു. ഈ വിസ്മയിപ്പിക്കുന്ന അനുഭവം നമുക്കൊരു ചോദ്യചിഹ്നവും വെല്ലുവിളിയുമാണ്. ഒരു സുവിശേഷകനായി പ്രഭാകർ കാത്തിരുന്നത് മൂന്നു പതിറ്റാണ്ടുകൾ! ഇതിനു കാരണക്കാർ ആരാണ്? മറ്റാരുമല്ല; നാം തന്നെ!

### കൊട്ടാരത്തിൽ നിന്നും കുടിലിലേക്ക്

''ഒരൊറ്റ ജീവിതം, അതു വേഗം അവസാനിക്കും. യേശുവിനു വേണ്ടി ചെയ്തതു മാത്രം നിലനിൽക്കും. '' ഈ വാക്കുകൾ മൊഴിഞ്ഞത് ഒരു സാധാരണക്കാരനായിരുന്നില്ല. ഇംഗ്ലണ്ടിലെ ഒരു ധനാഢ്യകുടുംബത്തിലെ അംഗം. പ്രശസ്തമായ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ബിരുദധാരി. സർവ്വോപരി ഇംഗ്ലണ്ട് ദേശീയ ക്രിക്കറ്റ് ടീമിലെ മിന്നുംതാരം. ആ വലിയ മനുഷ്യനാണ് ചാൾസ് തോമസ് സ്റ്റഡ് (സി.റ്റി.സ്റ്റഡ്). നൂറു മുറികളുള്ള വലിയ കൊട്ടാരത്തിൽ ജനിച്ച സി.റ്റി. സ്റ്റഡ് തന്റെ ദൗത്യം പൂർത്തീകരിച്ച് യാത്രയാകുമ്പോൾ ആഫ്രിക്കയിലെ മൺകുടിലിൽ ആയിരുന്നു.



*സി.റ്റി.സ്റ്റഡ്*



*ഡി.എൽ. മൂഡി*

**ഒരു ചെരിപ്പു കച്ചവടക്കാരൻ നിരവധി ലോകരാജ്യങ്ങളിൽ ദൈവകരങ്ങളിൽ പ്രയോജനപ്പെട്ടതിന്റെ രഹസ്യം ചോദിച്ചാൽ ഡി.എൽ. മൂഡി പരസ്യമായി പറയും, "ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു"**

സി.റ്റി.സ്റ്റഡ് പഠിച്ചതും പഠിപ്പിച്ചതും മാതൃകയാക്കിയതും താഴെപ്പറയുന്ന തിരുവചനങ്ങളായിരുന്നു. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ'' (ലൂക്കൊ.9:23). "അങ്ങനെ തന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല'' (ലൂക്കൊ.14:33). "എങ്കിലും എനിക്കു ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു'' (ഫിലി.3:7).

### ചെരിപ്പു കച്ചവടക്കാരനെ പാദുകമാക്കി

വിദ്യാഹീനനും സാധാരണക്കാരനുമായ ഒരു ചെരിപ്പു കച്ചവടക്കാരനെ ദൈവം ഉപയോഗിച്ചപ്പോൾ ലോകപ്രശസ്തനായ മിഷനറി ഡി.എൽ.മൂഡിയായി മാറ്റപ്പെട്ടു. ഏറ്റവും കുറഞ്ഞത് ഇരുപതു ലക്ഷം പേരെയെങ്കിലും രക്ഷകനെ കണ്ടെത്തുവാൻ മൂഡിയെ ദൈവം ഉപകരണമാക്കി. അതായത് ഒരു ദിവസം ശരാശരി 140 പേരെയാണ് മൂഡി സത്യപാതയിലേക്കു നയിച്ചത്. ഇംഗ്ലണ്ടിലെ ഒരു പ്രാർത്ഥനായോഗത്തിൽ വെച്ച് ഒരു സാധാരണ സുവിശേഷകൻ പ്രസ്താവിച്ച വാക്കുകൾ മൂഡി ഏറ്റെടുക്കുകയായിരുന്നു. "ദൈവത്തിന്റെ കരങ്ങളിൽ പൂർണ്ണമായി ഏല്പിച്ചുകൊടുക്കുന്ന ഒരു മനുഷ്യനെക്കൊണ്ട് ദൈവം എന്തു ചെയ്യിക്കുമെന്ന് ലോകം ഇനിയും കാണാനിരിക്കുന്നതേയുള്ളു.'' ഈ ശബ്ദം കേട്ട മൂഡി ദൈവകരങ്ങളിൽ സമർപ്പിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. ''ദൈവമേ, ആ ഒരു മനുഷ്യൻ ഞാനായിരിക്കട്ടെ.''

ഒരു ചെരിപ്പു കച്ചവടക്കാരൻ നിരവധി ലോകരാജ്യങ്ങളിൽ ദൈവകരങ്ങളിൽ പ്രയോജനപ്പെട്ടതിന്റെ രഹസ്യം ചോദിച്ചാൽ ഡി.എൽ. മൂഡി പരസ്യമായി പറയും, "ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു.

ശേഷം പേജ് 7–ൽ

ഐ.പി.സി. സീയോൻ സഭ
അബുദാബി, മുസഫ
THE INDIA PENTECOSTAL CHURCH OF GOD, KUMBANAD, KERALA
അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം. വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
OUR REGULAR SERVICE
Sunday WORSHIP
8 pm to 10 pm BCC G-3
Thursday Meeting
8 pm to 10 pm,
Friday FASTING PRAYER
12 pm to 2.30 pm BCC G-3
For more information:
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880


GET A QUICK INSURANCE
ALL YOUR NEEDS
For Individual / Company
Medical Card, Property (Shop & Store), Fire Insurance, Engineering (Plants & Machinery), Marine, Vehicles, Workman Compensation, Yatch & Boat.etc..
Call or WhatsApp +971 58 594 4099
JOHN C THOMAS

# മാധ്യമങ്ങൾ സത്യത്തിന്റെ പെട്ടകം ഉയർത്തണം: ഡോ.സെബാസ്റ്റ്യൻ പോൾ

**കുമ്പനാട്** • തിന്മകളുടെയും നുണകളുടെയും സത്യാനന്തര കാലയളവിൽ എഴുത്തുകാർ ദൈവദൂതനെപ്പോലെ സദ് വാർത്ത അറിയിക്കുന്നവരായിരിക്കണമെന്ന് പ്രശസ്ത മാധ്യമ നിരൂപകൻ ഡോ.സെബാസ്റ്റ്യൻ പോൾ പറഞ്ഞു. നുണകൾക്കെതിരെ സത്യത്തിന്റെ പെട്ടകം തീർക്കുന്നവരായിരിക്കണം പത്രപ്രവർത്തകരും എഴുത്തുകാരും. ജനു. 19-ന് കുമ്പനാട് നടന്ന ഐ.പി.സി. ഗ്ലോബൽ മീഡിയ മീറ്റിൽ എഴുത്തുകാരെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ടതും കേട്ടതുമായ വാർത്തകൾ കാത്തിരിപ്പില്ലാതെ ഉടൻ ലോകത്തെ അറിയിക്കുന്ന നവീന മാധ്യമങ്ങൾ സത്യത്തിനായി കാത്തിരിക്കണമെന്നും സത്യം ഗ്രഹിക്കണമെന്നും സെബാസ്റ്റ്യൻ പോൾ പറഞ്ഞു. ലോകം കാത്തിരുന്ന വാർത്തകൾ ബെത്‌ലെഹേമിലെ പുൽക്കൂട്ടിൽ സംഭവിച്ചത് ഇടയന്മാർ അറിയിച്ചതുപോലെ മാധ്യമങ്ങൾ സത്യത്തെ ഉയർത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഐ.പി.സി. ഗ്ലോബൽ മീഡിയ ആക്ടിംഗ് ചെയർമാൻ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ അദ്ധ്യക്ഷനായിരുന്നു. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ ഗ്ലോബൽ മീഡിയ മീറ്റ് ഉദ്ഘാടനം നിർവഹിച്ചു. എഴുത്തുകാരും പത്രപ്രവർത്തകരും ഉപദേശ സത്യത്തിന്റെ കാവൽക്കാരായി പ്രവർത്തിക്കണമെന്ന് പാസ്റ്റർ കെ.സി.ജോൺ ആഹ്വാനം ചെയ്തു.

സമഗ്ര സംഭാവനയ്ക്കുള്ള മാധ്യമ പുരസ്കാരം ബ്രദർ സി.വി. മാത്യുവിനു ഡോ.സെബാസ്റ്റ്യൻ പോൾ നല്കി. ഡോ.കെ.സി.ജോൺ പ്രശസ്തി പത്രം നല്കി. പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ പ്രശസ്തിപത്രം വായിച്ചു. മികച്ച പുസ്തകത്തിനുള്ള അവാർഡ് ഡോ.തോംസൺ കെ മാത്യുവിനും മികച്ച ലേഖനത്തിനുള്ള അവാർഡ് ഡോ.ബാബു ജോൺ വേട്ടമലയ്ക്കും, നല്ല കഥയ്ക്കുള്ള പുരസ്കാരം പാസ്റ്റർ സണ്ണി കെ ജോണിനും ഏറ്റവും നല്ല ന്യൂസ് സ്റ്റോറിയ്ക്കുള്ള (ദൃശ്യം) അവാർഡ് ഷാജി മാറാനാഥായ്ക്കും, നല്ല ഫീച്ചറിനുള്ള ജൂറി പുരസ്കാരം ബ്ലെസൻ ചെറുവക്കലിനും ഡോ.സെബാസ്റ്റ്യൻ പോൾ നല്കി. മാധ്യമ പുരസ്കാര ജേതാവ് സി.വി.മാത്യു മറുപടി പ്രസംഗം നടത്തി.

വാർത്ത: കെ.ബി.ഐസക്ക്

# വീട് പണികൾ പുരോഗമിക്കുന്നു





**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിവരുന്ന വീടുകളുടെ പണികൾ പുരോഗമിക്കുന്നു. കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലായി 3 ഭവനങ്ങളുടെ പണികളാണ് നടന്നുകൊണ്ടിരിക്കുന്നത്.സിസ്റ്റർ ഗ്രേസിക്കുട്ടി കൊട്ടാരക്കര, പാസ്റ്റർ പോൾ മാത്യു പാലക്കാട്, ലിസി കുഞ്ഞുമ്മൻ റാന്നി എന്നിവർക്കാണ് അപ്കോൺ വീടുകൾ നിർമ്മിച്ചു നൽകുന്നത്.

# ചിൽഡ്രൻസ് ഫെസ്റ്റ് 2019 – വി.ബി.എസ്

**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷനും (അപ്കോൺ ) എം.സി.സി സൺഡേ സ്കൂളും സംയുക്തമായി ചേർന്ന് മാർച്ച് 31 മുതൽ ഏപ്രിൽ 2 വരെ ദിവസവും വൈകിട്ട് 5 മുതൽ 7 വരെ ഇവാൻജലിക്കൽ ചർച്ച് സെന്ററിൽ വച്ച് ചിൽഡ്രൻസ് ഫെസ്റ്റ് 2019 - വി.ബി.എസ് നടത്തും. തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട് ക്ലാസുകൾക്ക് നേതൃത്വം നൽകും കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ബെന്നി പി. ജോൺ -050 7900633, സാം സക്കറിയ ഈപ്പൻ- 050 5211628, ജോജി തോമസ്- 050 6626180, സജി സാം - 055 7719863.

# നിത്യതയിൽ ചേർക്കപ്പെട്ടു

## സാം വർഗീസ് (65)



**അബുദാബി** • ICPF അബുദാബി വൈസ് പ്രസിഡന്റും അബുദാബി ADPC സഭാവിശ്വാസിയും ആയ ബ്രദർ സജി സാമിന്റെ പിതാവ് മാവേലിക്കര ചെന്നിത്തല കോയിപ്പുറത്തു വീട്ടിൽ സാം വർഗീസ് (65) ഫെബ്രു.7 വ്യാഴാഴ്ച അബുദാബിയിൽ വച്ച് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഫെബ്രു. 9 ശനിയാഴ്ച ADPC സഭയുടെ നേതൃത്വത്തിൽ നടന്ന എംബാമിങ് സർവീസിൽ അപ്കോൺ എക്സിക്യൂട്ടീവ്സും അപ്കോൺ സഭാംഗങ്ങളും പങ്കെടുത്തു. സംസ്കാരം ഫെബ്രു. 10 ഞായറാഴ്ച ഐ.പി.സി കാഞ്ചുംമാർഗ് മുംബൈ സഭയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഭാര്യ: ശാന്തി സാം വർഗ്ഗീസ് മുംബൈ. മക്കൾ: സജി സാം വർഗീസ് അബുദാബി, പാസ്റ്റർ സാജൻ സാം വർഗീസ് (ഐ.പി.സി പനവേൽ). മരുമക്കൾ: സിമി സജി അബുദാബി, നാൻസി സാജൻ മുംബൈ. സന്തപ്ത കുടുംബാംഗങ്ങൾക്ക് അപ്കോൺ വോയ്സിന്റെയും അപ്കോൺ ചർച്ചസിന്റെയും ദുഃഖവും പ്രത്യാശയും നേരുന്നു.

## പി.എം. ചെറിയാൻ (75)



**കോട്ടയം** • ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റും ഐ.പി.സി. എഡ്യൂക്കേഷൻ ആൻഡ് വെൽഫെയർ സൊസൈറ്റി ജനറൽ സെക്രട്ടറിയുമായ കോട്ടയം പുത്തൻപറമ്പിൽ പി.എം. ചെറിയാൻ (മക്രോണി ബേബിച്ചായൻ-75) ഫെബ്രു.4-ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഐ.പി.സി കോട്ടയം ഫിലഡൽഫിയ സഭാംഗമായ അദ്ദേഹം ശാലേം ട്രാക്റ്റ് സൊസൈറ്റി പ്രസിഡന്റും ആയിരുന്നു. അബുദാബി - ഓപ്കോ മുൻ ഉദ്യോഗസ്ഥനായിരുന്നു. ഫെബ്രു.11-ന് ഐ.പി.സി. ഫിലെദെൽഫിയ കഞ്ഞിക്കുഴി സഭയുടെ മാങ്ങാനം ചിലമ്പ്രക്കുന്ന് സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ കപ്പമാംമൂട്ടിൽ ലീലാമ്മ. മക്കൾ: ബ്ലസി, ബെറ്റി മാത്യൂസ് (സൗദി), ബെൻസി, ജെസി, ജിൻസാ സ്റ്റീഫൻ (ഷാർജ). മരുമക്കൾ: ഇരവിപേരൂർ മേപ്പാടത്ത് സാംസൻ സാമുവേൽ (അബുദാബി), കോട്ടയം കളമ്പുക്കാട്ട് പാസ്റ്റർ മാത്യൂസ് ജോസഫ്, തിരുവല്ല പാലമൂട്ടിൽ ബിജു സ്റ്റീഫൻ (ഇരുവരും സൗദി), കൂത്താട്ടുകുളം മുണ്ടകപ്പള്ളിൽ ബോബൻ ഫിലിപ്പ്, ഗുജറാത്ത് ഗാന്ധിധാം എലീം, സ്റ്റീഫൻ ഗീവർഗീസ് (ഷാർജ)





PENTECOSTAL
MARANATHA GOSPEL CHURCH (PMG)
MUSSAFAH, ABU DHABI

ആത്മാവിലും സത്യത്തിലും ദൈവത്തെ
ആരാധിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ
പ്രിയപ്പെട്ടവർക്കും സ്വാഗതം

Our Services;-

| | |
|---|---|
| Friday Service: | 12.30 PM t0 14.30PM, BCC Hall No. F -2 |
| Wednesday: | 8 PM to 10 PM, BCC Hall No. G-4 |
| Ladies Meeting: | 8 PM to 10 PM on every Thursday |
| Cottage Meeting: | 8 PM to 10 PM on every Sunday |

For More Details: Pastor Jacob Daniel, 055-6338992, 050-2554664
TRANSPORTATION FACILITIES ARE AVAILABLE

## ബൈബിളിലെ സ്ത്രീത്വവീക്ഷണം... (തുടർച്ച)

രായ വനിതകളെ ഒരിടത്തും അടിച്ചമർത്തുകയോ ചവിട്ടിതാഴ്ത്തുകയോ ചെയ്തിട്ടില്ല എന്നതിന് ഇതിലുപരി ഒരു തെളിവ് ആവശ്യമില്ല.

പുതിയനിയമത്തിലേക്കു വരുമ്പോൾ യേശുവിന്റെ പരസ്യശുശ്രൂഷയിലും, ആദിമസഭയിലും സ്ത്രീകൾക്ക് വളരെ പരിഗണന ലഭിച്ചിട്ടുണ്ടെന്നു കാണാം. യേശു യാത്ര ചെയ്തു പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം പുരുഷന്മാർ അല്ല പുരുഷാരം (പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും അടങ്ങുന്ന സംഘം) ആണ് തന്നോടൊപ്പം സഞ്ചരിച്ചിരുന്നത്. മഗ്ദലനക്കാരി മറിയയോടും, ബെഥാന്യയിലെ മാർത്തയോടും മറിയയോടും ഒക്കെ യേശുവിന് പ്രത്യേക സ്നേഹമുണ്ടായിരുന്നു. വ്യഭിചാരകർമ്മത്തിൽ പിടിച്ച സ്ത്രീയെ യേശുവിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ അവളുടെ നിസഹായവസ്ഥയിൽ മനസ്സലിയുക മാത്രമല്ല, അവളോടൊപ്പം തെറ്റു ചെയ്ത പുരുഷ സമൂഹത്തെയും കുറ്റം വിധിച്ചുകൊണ്ട് വിശുദ്ധിയുടെയും ധാർമ്മികതയുടെയും ഒരു നൂതന സംസ്കാരത്തിന് യേശു അടിത്തറയിടുകയും ചെയ്തു. ശമര്യാക്കാരി സ്ത്രീയോടു സംസാരിച്ചതു വഴിയും, 12 വർഷമായി രക്തസ്രാവം മൂലം സമൂഹം ഒറ്റപ്പെടുത്തിയ സ്ത്രീയെ സൗഖ്യമാക്കിയതിലൂടെയും അന്നത്തെ പൊതുസമൂഹം സ്ത്രീകൾക്ക് ഏർപ്പെടുത്തിയ വിലക്കുകൾ ഓരോന്നായി യേശു അഴിച്ചുമാറ്റുകയായിരുന്നു. തൽഫലമായി പാപിനിയെന്നു സമൂഹം മുദ്രകുത്തിയവൾ യേശുവിന്റെ പാദങ്ങളിൽ വിലയേറിയ സുഗന്ധം പൂശി. പീഡാനുഭവവേളയിൽ ശിഷ്യന്മാർ ഓടിയൊളിച്ചപ്പോൾ ചില സ്ത്രീകൾ അന്ത്യനിമിഷം വരെയും അനുഗമിച്ചു. ഉയിർപ്പിന്റെ സന്ദേശം ലോകത്തെ അറിയിക്കുവാനും ഒരു സ്ത്രീ മാത്രമാണ് കല്ലറയ്ക്കൽ വന്നത്.

ക്രൈസ്തവ സഭയുടെ ആരംഭം മുതൽ എല്ലാ രംഗങ്ങളിലും സ്ത്രീ സാന്നിധ്യം ദൃശ്യമാണ്. ക്രിസ്ത്യാനിത്വത്തിന്റെ തുറന്ന സമീപനത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ പൗലൊസ് എഴുതുന്നത്, ‘‘യഹൂദനും യവനനും, ദാസനും, സ്വതന്ത്രനും, ആണും പെണ്ണും എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ’’എന്നാണ് (ഗലാ. 3:28). ‘‘കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല സ്ത്രീയെ കൂടാതെ പുരുഷനുമില്ല’’ എന്നും പൗലോസ് എഴുതിയിട്ടുണ്ട് (1 കൊരി.11:11). ഇവിടെയെല്ലാം നാം ദർശിക്കുന്നത് ദൈവസന്നിധിയിൽ സ്ത്രീക്കും പുരുഷനും ഉള്ള തുല്യതയാണ്.

**ആധുനിക ലോകത്തിന്റെ വ്യർത്ഥമായ ചിന്താഗതികളും, കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാവുമെന്ന വ്യാമോഹവും സർപ്പം ഹവ്വയെ വശീകരിച്ചതുപോലെ നമ്മുടെ മഹത്തായ ക്രൈസ്തവ സ്ത്രീത്വ വീക്ഷണത്തെ തച്ചുടയ്ക്കുവാൻ അനുവദിക്കരുത്.**

കുടുംബജീവിതത്തെക്കുറിച്ചും ഭാര്യാഭർത്താക്കന്മാരുടെ കടപ്പാടുകളെക്കുറിച്ചും ധാരാളം പരാമർശങ്ങൾ ദൈവവചനത്തിലുണ്ട്. സ്ത്രീയുടെ തലയായി പുരുഷനെ അവരോധിച്ചിരിക്കുന്നുവെങ്കിലും (1 കൊരി. 11:3; എഫെ.5:23) ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെയും സ്വന്ത ശരീരത്തെപ്പോലെയും ഭാര്യയെ സ്നേഹിക്കണമെന്നും, പോറ്റിപുലർത്തണമെന്നും, (എഫെ.5:25,28) അവളോടു കയ്പായിരിക്കരുതെന്നും, (കൊലൊ. 3:19) സ്ത്രീജനം ബലഹീനപാത്രമെന്നും ജീവന്റെ കൃപയ്ക്കു കൂട്ടവകാശികളായാൽ അവർക്കു ബഹുമാനം കൊടുക്കണമെന്നും, (1 പത്രൊസ് 3:7) നിർദേശിച്ചിരിക്കു ന്നു. അതേസമയം സ്ത്രീകളോട് ഉപദേശിക്കുന്നത് കർത്താവിന് എന്നതുപോലെ ഭർത്താവിനു കീഴടങ്ങണമെന്നും (എഫെ. 5:22; കൊലൊ. 3:18; 1 പത്രൊസ് 3:1) അനുസരിക്കണമെന്നും, (1 പ്രത്രൊസ് 3:6) ഭർത്താവിനെ ഭയപ്പെടണമെന്നും (എഫെ.5:32) ആകുന്നു. പൗലൊസിന്റെ ശുശ്രൂഷയിലുടനീളം സ്ത്രീകൾ പങ്കാളിത്തം വഹിക്കുകയും, സഭകളുടെ ആരംഭത്തിനും വളർച്ചയ്ക്കും, നിലനിൽപ്പിനും സഹായികളായി നിലകൊള്ളുകയും ചെയ്തിട്ടുണ്ട്.

ഒന്നാം നൂറ്റാണ്ടു മുതൽ ഇതുവരെയും ക്രിസ്തീയ സഭകളുടെ വളർച്ചയ്ക്കും മുന്നേറ്റത്തിനും വ്യത്യസ്ത നിലകളിൽ സംഭാവനകൾ നൽകിയ അനേകം വനിതാരത്നങ്ങൾ ഉണ്ട്. ദൈവവചനം നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുരുഷന്റെ ശിരസ്ഥാനത്തെ അംഗീകരിച്ച്, ഭർത്താവിനു കീഴടങ്ങി, അനുസരിച്ച്, ഭയപ്പെട്ട് ജീവിച്ചതുകൊണ്ടാണ് ക്രിസ്തീയ സമൂഹം ജീവിതവിശുദ്ധിയിലും, മൂല്യസംരക്ഷണത്തിലും, സ്വഭാവവൈശിഷ്ട്യത്തിലും വ്യത്യസ്തമായി നിലകൊള്ളുന്നത്.

ആധുനിക ലോകത്തിന്റെ വ്യർത്ഥമായ ചിന്താഗതികളും, കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാവുമെന്ന വ്യാമോഹവും സർപ്പം ഹവ്വയെ വശീകരിച്ചതുപോലെ നമ്മുടെ മഹത്തായ ക്രൈസ്തവ സ്ത്രീത്വ വീക്ഷണത്തെ തച്ചുടയ്ക്കുവാൻ അനുവദിക്കരുത്. പുരുഷനെ അവഗണിച്ചുകൊണ്ട് തന്റെ കഴിവും അറിവുംകൊണ്ട് എന്തെങ്കിലും ചെയ്യാനാവുമെന്നു കരുതി പുറപ്പെടുന്ന സ്ത്രീയെ തലയില്ലാത്ത ശരീരമായി മാത്രമേ ദൈവവചനപ്രകാരം കാണാനാവൂ. പുരുഷന്റെ തലയായ ക്രിസ്തുവിനോടും ഉള്ള മത്സരമാണത്. ആകയാൽ നിയമങ്ങൾ എത്രയുണ്ടായാലും, എത്രയൊക്കെ വിധിന്യായങ്ങൾ വന്നാലും ബൈബിൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ചും അനുസരിച്ചും മാതൃകയുള്ള ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്കു സാധിക്കട്ടെ. അവിടെയാണ് ദൈവപ്രസാദവും അനുഗ്രഹങ്ങളും ഉണ്ടാകുന്നത്.

## ക്രിസ്തുവിലുള്ളവർ മിഷനറിമാർ... (തുടർച്ച)

ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു’’ (1 കൊരി.1:27).

### മൂന്നു പാഠങ്ങൾ

മൊബൈൽ ഫോണും ഇന്റർനെറ്റും ഡിഷ് ടിവിയും ഭാരതത്തിലെ മിക്കവാറും ഗ്രാമങ്ങളിലും എത്തിക്കഴിഞ്ഞു. പക്ഷേ, പ്രഭാകർ ചാച്ചയെപ്പോലെ ഒരു ക്രിസ്തുശിഷ്യനെ കണ്ടുമുട്ടുവാൻ കൊതിക്കുന്നവർ അസംഖ്യമാണ്. നമ്മുടെ വിശാലമായ ദൗത്യത്തിന്റെ പ്രസക്തി ഇവിടെ വർദ്ധിക്കുകയാണ്. നമ്മുടെ സ്വയത്തെ ഇല്ലാതാക്കി ക്രൂശെടുത്തുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുവാൻ സി.റ്റി.സ്റ്റഡ് മുന്നറിയിപ്പു നൽകുന്നു. സമ്പൂർണ്ണമായ സമർപ്പണം ഉണ്ടെങ്കിൽ നാം ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുവാൻ മറ്റൊരു യോഗ്യതകളും ആവശ്യമില്ലെന്ന് ഡി. എൽ. മൂഡിയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

ജോൺ വെസ്ലിയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ‘‘ലോകത്തിലുള്ള മനുഷ്യരെ രണ്ടായി തിരിക്കാം. ക്രിസ്തുവിലുള്ളവർ, ക്രിസ്തു ഇല്ലാത്തവർ. ക്രിസ്തുവിലുള്ളവർ മിഷനറിമാരാണ്. ക്രിസ്തു ഇല്ലാത്തവർ മിഷൻ ഫീൽഡുകളാണ്.’’ അങ്ങനെയെങ്കിൽ നാം എല്ലാവരും മിഷനറിമാരാണ് എന്ന ഉൾക്കാഴ്ച നമുക്കു ദിശാബോധം നൽകട്ടെ.

## ഉപവാസ പ്രാർത്ഥനയും ഉണർവുയോഗവും

അബുദാബി • ഐ.പി.സി കർമ്മേൽ അബുദാബി ഒരുക്കുന്ന ഉപവാസ പ്രാർത്ഥനയും ഉണർവുയോഗവും ഫെബ്രുവരി 22 നു വെള്ളിയാഴ്ച രാവിലെ 10 മുതൽ 12 മണിവരെ മുസഫ ബ്രദറൻ ചർച്ച് സെന്റർ G4 ഹാളിൽ നടക്കും. പാസ്റ്റർ വർഗീസ് ബേബി മുഖ്യപ്രസംഗകനായിരിക്കും. കർമ്മേൽ വോയിസ് ആരാധനയ്ക്കു നേതൃത്വം നല്കും. പാസ്റ്റർ ജോജി ജോൺസൻ മീറ്റിംഗിന് നേതൃത്വം വഹിക്കും.








Strictly for Private Circulation Only




Printed & Published by Apccon Voice Chief Editor Johnsy Kadammanitta 055 8223774,
Owned by Apccon : Pr. Benny P. John 050 7900633 (President), Pr. Jacob Samuel 050 3332358 (Vice President),
Sam Zachariah Eapen 050 5211628 (Secretary). Email : apcconvoice@gmail.com, www.apccon.com